**STD : 3**

**Malayalam**

**UNIT TEST : 1**

Grade

Name of student: ____________________________ Roll.no: __

## പ്രവർത്തനം : 1 വരികൾ കൂട്ടിച്ചേർക്കാം..

**മഴ മഴ മഴ മഴ വന്നു**

**ഒരു മഴ ചെറുമഴ മഴ വന്നു**

**നല്ലൊരു പുള്ളിക്കുടയും ചൂടി**

**മഴയത്തൂടെ നടന്നു ഞാൻ**

**പേക്രോം പേക്രോം തവളകൾ ചാടി**

_____________________________________

_____________________________________

_____________________________________

_____________________________________

1. കവിതയ്ക്ക് ഉചിതമായ പേര് നൽകുക.
2. കവിതയ്ക്ക് വരികൾ കൂട്ടിച്ചേർക്കുക.
3. കവിതയ്ക്ക് ചുറ്റുമായി യോജിച്ച ചിത്രങ്ങൾ വരച്ചു ചേർത്ത് നിറം നൽകി ഭംഗിയാക്കുക.

## പ്രവർത്തനം : 2 പഴഞ്ചൊല്ലുകൾ..

**പഴഞ്ചൊല്ലുകൾക്ക് യോജിച്ച ആശയം കണ്ടെത്തുക.**

| | |
|---|---|
| 1.അടിതെറ്റിയാൽ ആനയും വീഴും. | 1. |
| 2.അന്ന വിചാരം മുന്ന വിചാരം പിന്നെ വിചാരം കാര്യവിചാരം | 2. |
| 3.അഴകുള്ള ചക്കയിൽ ചുളയില്ല.. | 3. |
| 4.ആറ്റിൽ കളഞ്ഞാലും അളന്നു കളയണം. | 4. |
| 5.ഉപ്പ് തിന്നവൻ വെള്ളം കുടിക്കും. | 5. |
| 6.ഉണ്ട ചോറ്റിൽ കല്ലിടരുത്. | 6. |
| 7.എല്ലു മുറിയെ പണി ചെയ്താൽ പല്ലുമുറിയെ തിന്നാം. | 7. |
| 8.അടികൊള്ളാൻ ചെണ്ടയും പണം വാങ്ങാൻ മാരാരും. | 8. |

Color Chalk

കഠിനമായി അധ്വാനിച്ചാൽ സുഖമായി കഴിയാം.
ആഹാര കാര്യം കഴിഞ്ഞിട്ടേയുള്ളൂ ഏതു കാര്യവും.
എത്ര ഉന്നതനായാലും സൂക്ഷിച്ചു നിന്നില്ലെങ്കിൽ വീഴ്ച പറ്റും.
അധ്വാനിക്കുന്നത് ഒരാളും പ്രതിഫലം പറ്റുന്നത് മറ്റൊരാളും.
ആകാരഭംഗിയുണ്ടെന്ന് വച്ച് സദ്ഗുണമുണ്ടാകണമെന്നില്ല.
പ്രവർത്തി ചെയ്യുന്നവൻ അതിൻറെ ഫലം അനുഭവിക്കും.
ഉപകാരം ലഭിച്ചിടത്ത് നന്ദികേട് കാണിക്കരുത്.
എല്ലാറ്റിനും കൃത്യമായ കണക്കു വയ്ക്കണം.

## പ്രവർത്തനം : 3 കടങ്കഥ..

### കടങ്കഥകൾക്ക് ഉചിതമായ ഉത്തരം എഴുതുക

1. ആയിരം കിളികൾക്ക് ഒറ്റക്കൊക്ക്
2. മുള്ളുണ്ട് മുരിക്കല്ല കൈപ്പുണ്ട് കാഞ്ഞിരമല്ല
3. അങ്ങോട്ടോടും ഇങ്ങോട്ടോടും നേരെ നിന്ന് സത്യം പറയും

വാഴക്കുല , കൊതുക്, സൂചി , ത്രാസ്സ് , പാവയ്ക്ക

4. ഇഷ്ടമുള്ള ഏതെങ്കിലും വിഷയം ( ജീവികൾ / സാധനങ്ങൾ ) തെരഞ്ഞെടുത്ത് കടങ്കഥ ഉണ്ടാക്കി നോക്കൂ..

Color Chalk

## പ്രവർത്തനം : 4 കഥ പൂർത്തിയാക്കാം..

### നിങ്ങൾക്കിഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി ഒരു കഥ എഴുതൂ..

### ഉചിതമായ തലക്കെട്ടും നൽകണേ.

______________________________

ഒരിക്കൽ ഒരിടത്ത് ______________________________________________________________________

__________________________________________________________________________________________

__________________________________________________________________________________________

__________________________________________________________________________________________

__________________________________________________________________________________________

__________________________________________________________________________________________

__________________________________________________________________________________________